**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1091** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ഭൂജല വകുപ്പിലെ കരാറുകാർ നിർമ്മിച്ച കുഴൽക്കിണറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലാ ഭൂജല വകുപ്പിൽ കരാറുകാർ വഴി നിർമ്മിച്ച കുഴൽക്കിണറുകളുടെ എണ്ണം എത്രയാണ്; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 71 കുഴൽക്കിണറുകൾ കരാറുകാർ വഴി നിർമ്മിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കരാറുകാർക്ക് ചട്ട വിരുദ്ധമായി പ്രവൃത്തികൾക്കുള്ള കരാറനുമതി നൽകിയതായുള്ള ആരോപണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇതിന്മേൽ ജലവിഭവ വകുപ്പ് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ടോ എന്നതിന്റെയും വിവരം ലഭ്യമാക്കാമോ; | (ബി) | കരാറുകാർക്ക് ചട്ട വിരുദ്ധമായി പ്രവൃത്തികൾക്കുള്ള കരാറനുമതി നൽകിയതായുള്ള ആരോപണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലാ ഭൂജലവകുപ്പിലെ ഉദ്യോഗസ്ഥർ സ്വകാര്യ കുഴൽ കിണർ നിർമ്മാണ കമ്പനികളെ സഹായിക്കുന്ന നിലയിൽ പ്രവർത്തിക്കുന്നതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു എന്ന പരാതിയിന്മേൽ ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശം നൽകിയതിൻ പ്രകാരം ഭൂജല വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് സെൽ സാങ്കേതിക അന്വേഷണം നടത്തി വരുന്നു. ധനകാര്യ വകുപ്പ് പരാമർശിച്ചിട്ടുള്ള ചില വിഷയങ്ങളിൽ രേഖകളുടെ പരിശോധനയ്ക്ക് പുറമെ ഫീൽഡ് തലത്തിൽ ഉള്ള ശാസ്ത്രീയ പരിശോധന കൂടി ഉൾപ്പെടുത്തിയുള്ള അന്വേഷണമാണ് നടത്തി വരുന്നത്. |
| (സി) | കരാറുകാർക്ക് ഉദ്യോഗസ്ഥർ ചട്ട വിരുദ്ധമായി കരാർ നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ചട്ട വിരുദ്ധമായി കരാർ നൽകിയ | (സി) | കരാറുകാർക്ക് ചട്ട വിരുദ്ധമായി പ്രവൃത്തികൾക്കുള്ള കരാറനുമതി നൽകിയതായുള്ള ആരോപണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അന്വേഷണ |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലാ ഭൂജലവകുപ്പിലെ ഉദ്യോഗസ്ഥർ സ്വകാര്യ കുഴൽ കിണർ നിർമ്മാണ കമ്പനികളെ സഹായിക്കുന്ന നിലയിൽ പ്രവർത്തിക്കുന്നതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു എന്ന പരാതിയിന്മേൽ ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശം നൽകിയതിൻ പ്രകാരം ഭൂജല വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് സെൽ സാങ്കേതിക അന്വേഷണം നടത്തി വരുന്നു. ധനകാര്യ വകുപ്പ് പരാമർശിച്ചിട്ടുള്ള ചില വിഷയങ്ങളിൽ രേഖകളുടെ പരിശോധനയ്ക്കു പുറമെ ഫീൽഡ് തലത്തിൽ ഉള്ള ശാസ്ത്രീയ പരിശോധന കൂടി ഉൾപ്പെടുത്തിയുള്ള അന്വേഷണമാണ് നടത്തി വരുന്നത്. |
| (ഡി) | ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | കരാറുകാർക്ക് ചട്ട വിരുദ്ധമായി പ്രവൃത്തികൾക്കുള്ള കരാറനുമതി നൽകിയതായുള്ള ആരോപണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലാ ഭൂജലവകുപ്പിലെ ഉദ്യോഗസ്ഥർ സ്വകാര്യ കുഴൽ കിണർ നിർമ്മാണ കമ്പനികളെ സഹായിക്കുന്ന നിലയിൽ പ്രവർത്തിക്കുന്നതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു എന്ന പരാതിയിന്മേൽ ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശം നൽകിയതിൻ പ്രകാരം ഭൂജല വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് സെൽ സാങ്കേതിക അന്വേഷണം നടത്തി വരുന്നു. ധനകാര്യ വകുപ്പ് പരാമർശിച്ചിട്ടുള്ള ചില വിഷയങ്ങളിൽ രേഖകളുടെ പരിശോധനയ്ക്കു പുറമെ ഫീൽഡ് തലത്തിൽ ഉള്ള ശാസ്ത്രീയ പരിശോധന കൂടി ഉൾപ്പെടുത്തിയുള്ള അന്വേഷണമാണ് നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| | | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(എ) കരാറുകാർ വഴി നിർമ്മിച്ച കുഴൽക്കിണറുകളുടെ വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | ട്യൂബ് വെൽ | ബോർ വെൽ |
|---|---|---|
| 2021-22 | 6 | ഇല്ല |
| 2022-23 | 22 | ഇല്ല |
| 2023-24 | 21 | 4 |
| 2024-25 | 13 | 1 |
| 2025-26 | 4 | ഇല്ല |

Juliet

**സെക്ഷൻ ഓഫീസർ**